# അമേരിക്കയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നു

ന്യൂഡൽഹി: നഴ്സുമാരെ റിക്രൂട്ട് ചെയ്യാനായി അമേരിക്കയിലെ ബാനർ ഹോസ്പിറ്റൽസ് ഡയറക്ടർ പോളാ ബ്രാഡ്നിയുടെ നേതൃത്വത്തിലുള്ള സംഘം ഡൽഹിയിലെത്തി. മോഡി ഹെൽത്ത് കെയർ ഫൗണ്ടേഷനുമായി സഹകരിച്ചാണ് റിക്രൂട്ട്മെന്റ്. ന്യൂ ഫ്രണ്ട്സ് കോളനി 53, കമ്യൂണിറ്റി സെന്ററിലെ മോഡി ഹെൽത്ത് കെയർ പ്ലേസ്മെന്റ് ഓഫിസിലാണ് ഇന്റർവ്യൂ നടത്തുന്നത്. ഡൽഹിയിലെ ഇന്റർവ്യൂ 27 വരെയുണ്ടാകും.ബാംഗ്ലൂർ ഓർക്കിഡ് ഹർഷയിൽ 29നും കൊച്ചി ടാജ് റസിഡൻസിയിൽ മേയ് ഒന്നു മുതൽ മൂന്നു വരെയും ചെന്നൈയിലെ ശബരിയിൽ അഞ്ചിനും റിക്രൂട്ട്മെന്റ് നടക്കും.ഐ.ഇ.എൽ.ടി.എസ്., എൻ.സി.എൽ.ഇ.എക്സ് – ആർ. എൻ യോഗ്യതാ പരീക്ഷകൾക്ക് മോഡി ഹെൽത്ത് കെയർ പ്ലേസ്മെന്റ് നഴ്സുമാർക്ക് സൗജന്യ പരിശീലനം നൽകുന്നുണ്ട്.